## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5496** **05-07-2024 - ൽ മറുപടിയ്ക്ക്**

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ വന്നതിനു ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>**ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം**<br><br>2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം, നിർമ്മാണ പ്രവൃത്തിക്കായി 14.06.2022-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 10.10.2022-ൽ 377 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൺവെർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് 345 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിയിൽ 11's ഫുട്ബോൾ ടർഫ്, ഫ്ളഡ് ലൈറ്റ്, സ്പ്രിംഗ്ളർ സിസ്റ്റം, സംമ്പ് & പമ്പ് റൂം, നിലവിലുള്ള ഗ്യാലറിയുടെ ടെൻസൈൽ റൂഫിംഗ്, മഡ് വോളീബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ജിം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഡ്രെയിൻ, സംമ്പ് & പമ്പ് റൂം, ചുറ്റുമതിൽ, സ്പ്രിംഗ്ളർ മെയിൻ ലൈൻ വർക്ക്, ഗ്രൗണ്ട് ലെവലിംഗ് ജിമ്മിനുള്ളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ, നിലവിലുള്ള ഗ്യാലറി പൊളിച്ചു നീക്കൽ, ഫ്ളഡ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>ജിം ബിൽഡിംഗിലെ സീലിംഗ് പ്രവൃത്തികൾ നടന്നു വരുന്നു. ഫുട്ബോൾ ടർഫിൽ പുല്ല് നടുന്ന പ്രവൃത്തി, ടെൻസൈൽ റൂഫിംഗ് എന്നീ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **<u>17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം</u>**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം പ്രവൃത്തിയ്ക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. 12.06.2024 ദർഘാസ് ക്ഷണിക്കുകയും ടെൻഡറിൽ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ 29.06.2024 ൽ റീ ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 12.07.2024 ആണ് അവസാന തീയതി. |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ വന്നതിനു ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>**<u>ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം</u>**<br><br>2019-20-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം, നിർമ്മാണ പ്രവൃത്തിക്കായി 14.06.2022-ൽ 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 10.10.2022-ൽ 377 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s.കൺവെർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് 345 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിയിൽ 11's ഫുട്ബോൾ ടർഫ്, ഫ്ളെഡ് ലൈറ്റ്, സ്പ്രിംഗ്ളർ സിസ്റ്റം, സംമ്പ് & പമ്പ് റൂം, നിലവിലുള്ള ഗ്യാലറിയുടെ ടെൻസൈൽ റൂഫിംഗ്, മഡ് വോളീബോൾ കോർട്ട്, ക്രിക്കറ്റ് പ്രാക്ടീസ് പിച്ച്, ജിം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഡ്രെയിൻ, സംമ്പ് & പമ്പ് റൂം, ചുറ്റമതിൽ, സ്പ്രിംഗ്ളർ മെയിൻ ലൈൻ വർക്ക്, ഗ്രൗണ്ട് ലെവലിംഗ് ജിമ്മിനുള്ളിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ, നിലവിലുള്ള ഗ്യാലറി പൊളിച്ചു നീക്കൽ, ഫ്ളെഡ് ലൈറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>ജിം ബിൽഡിംഗിലെ സീലിംഗ് പ്രവൃത്തികൾ നടന്നു വരുന്നു. ഫുട്ബോൾ ടർഫിൽ പുല്ല് നടുന്ന പ്രവൃത്തി, ടെൻസൈൽ റൂഫിംഗ് എന്നീ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | **<u>17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം</u>**<br><br>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡ് ഔട്ട്പോസ്റ്റ് ജംഗ്ഷൻ പഞ്ചായത്ത് സ്റ്റേഡിയം പ്രവൃത്തിയ്ക്കായി 1 കോടി രൂപയുടെ ഭരണാനുമതിയും 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. 12.06.2024 ദർഘാസ് ക്ഷണിക്കുകയും ടെൻഡറിൽ ആരുംതന്നെ പങ്കെടുക്കാതിരുന്നതിനാൽ 29.06.2024 ൽ റീ ടെൻഡർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 12.07.2024 ആണ് അവസാന തീയതി. |

സെക്ഷൻ ഓഫീസർ